ദേശാഭിമാനി
# അക്ഷരമുറ്റം
TALENT FEST 2025

---

## ഉപജില്ലാതല ക്വിസിനുള്ള ചോദ്യങ്ങൾ

## എൽ പി വിഭാഗം

### ക്വിസ് മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ

ഉപജില്ലാതല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങളാണ് ഇതോടൊപ്പം. (പവർപോയിന്റ് പ്രസന്റേഷനും ഒപ്പമുണ്ട്). ഉത്തരങ്ങൾ ബ്രാക്കറ്റിൽ ചേർത്തിട്ടുണ്ട്. 20 ചോദ്യങ്ങളാണ് മത്സരത്തിന് ഉപയോഗിക്കേണ്ടത്. ടൈ വരികയാണെങ്കിൽ ഉപയോഗിക്കാനുള്ളതാണ് അവസാനത്തെ 5 ചോദ്യങ്ങൾ. (10 ചോദ്യമെങ്കിലും ക്വിസ്മാസ്റ്റർ കരുതിവയ്ക്കണം). ചോദ്യങ്ങളും ഉത്തരങ്ങളും ക്വിസ്മാസ്റ്റർ മുൻകൂട്ടി നോക്കി അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പ് നടത്തണം. പവർപോയിന്റിൽ തയ്യാറാക്കിയ ഇമേജുകളുമായി ഒത്തുനോക്കണം. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനമുണ്ട്. അവർ ജില്ലാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിന് പറ്റിയ രീതിയിൽ ടൈ ബ്രേക്ക് ചെയ്യണം. വിജയികളുടെ പേരുവിവരം ക്വിസ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി സംഘാടകരെ ഏൽപിക്കണം. ഉപജില്ലാ കൺവീനർമാർ അവർക്കുള്ള സാക്ഷ്യപത്രം നൽകണം. ജില്ലാ മത്സരകേന്ദ്രത്തിലെ രജിസ്ട്രേഷന് അത് ആവശ്യമാണ്.

1.മഹാത്മാഗാന്ധി ശ്രീനാരായണഗുരുവിനെ സന്ദർശിച്ചത് ഏത് വർഷമാണ്?

ഉത്തരം: 1925

2. ഇത് എന്തിന്റെ ലോഗോയുടെ ഭാഗമാണ്?

ഉത്തരം: ലിറ്റിൽ കൈറ്റ്സ്

3. കേരളത്തിലെ നദികളും ഒഴുകുന്ന ജില്ലകളും തന്നിരിക്കുന്നു. തെറ്റായ ജോഡി കണ്ടെത്തുക?

A. പെരിയാർ - ഇടുക്കി,എറണാകുളം
B.ഭാരതപ്പുഴ - പാലക്കാട്, തൃശൂർ, മലപ്പുറം
C.ചാലിയാർ - പാലക്കാട്,തൃശൂർ,
D.ചാലക്കുടി പുഴ- പാലക്കാട്, തൃശൂർ,എറണാകുളം

ഉത്തരം: (C)ചാലിയാർ ഒഴുകുന്നത് മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെയാണ്

4. "ദേശസ്നേഹികളുടെ രാജകുമാരൻ" എന്ന് ഗാന്ധിജി ആരെയാണ് വിശേഷിപ്പിച്ചത്?

ഉത്തരം: സുഭാഷ് ചന്ദ്ര ബോസ്

5.2025 നവംബർ ഒന്നിന് അതി ദരിദ്രർ ഇല്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറും.അതിദരിദ്രർ ഇല്ലാത്ത ഇന്ത്യയിലെ ആദ്യത്തെ ജില്ല കേരളത്തിലാണ്. ഏതാണത്?

ഉത്തരം: കോട്ടയം

6. അന്താരാഷ്ട്ര ക്രിക്കറ്റിൽ 100 സെഞ്ച്വറികൾ നേടിയിട്ടുള്ള ഏക കളിക്കാരൻ?
ഉത്തരം: സച്ചിൻ ടെണ്ടുൽക്കർ

7."അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരന്നു സുഖത്തിനായ് വരേണം."
ആരുടെ വരികൾ?

ഉത്തരം: ശ്രീനാരായണഗുരു

techsandquiz.in

8.അന്താരാഷ്ട്ര ബാലവേലവിരുദ്ധ ദിനം?
ഉത്തരം: ജൂൺ 12

9. സംസ്ഥാന ബാലാവകാശകമ്മീഷൻ ആരംഭിച്ച കുട്ടികളുടെ റേഡിയോ?
ഉത്തരം: റേഡിയോ നെല്ലിക്ക

10. ചിത്രത്തിൽ കാണുന്ന പ്രശസ്ത കലാകാരനെ തിരിച്ചറിയുക?
ഉത്തരം: ഉസ്താദ് സക്കീർ ഹുസൈൻ

11.ഇന്ത്യൻ പാർലമെന്റ് മന്ദിരത്തിൽ ആദ്യമായി ഏത് കമ്യൂണിസ്റ്റ് നേതാവിന്റെ പ്രതിമയാണ് സ്ഥാപിക്കപ്പെട്ടത് ?

ഉത്തരം: എ കെ ഗോപാലൻ

12. ഇന്ത്യൻ കറൻസി നോട്ടുകളിൽ ഒപ്പിട്ട ഒരേയൊരു പ്രധാനമന്ത്രിയെ ഉള്ളൂ. അദ്ദേഹം റിസർവ് ബാങ്ക് ഗവർണർ ആയതിനുശേഷമാണ് പ്രധാനമന്ത്രിയായത്. അതുകൊണ്ടാണ് ഇത് സാധ്യ മായത്. ആരാണദ്ദേഹം?

ഉത്തരം: ഡോ. മൻമോഹൻസിങ്

13. താഴെ തന്നിരിക്കുന്ന വഴിയിൽ ജലത്തിന്റെ പര്യായമല്ലാത്തത് ഏതാണ്?
( സലീലം, പയസ്സ്,നളിനം, വാരി)

ഉത്തരം: നളിനം(താമര)

14.അക്ഷരമുറ്റം ക്വിസിന്റെ ബ്രാൻഡ് അംബാസിഡർ കൂടിയായ മോഹൻലാൽ ഫാൽക്കെ അവാർഡിനാൽ ആദരിക്കപ്പെട്ടു. ഈ വിഖ്യാത പുരസ്കാരം ലഭിക്കുന്ന എത്രാമത്തെ മലയാളി യാണ് അദ്ദേഹം?

ഉത്തരം: 2 (ആദ്യം ലഭിച്ചത് പ്രശസ്ത സംവിധായകൻ അടൂർ ഗോപാലകൃഷ്ണനാണ്)

15. ക്രമം തെറ്റിക്കിടക്കുന്ന അക്ഷരങ്ങളെ ക്രമീകരിച്ച് അർഥമുള്ള വാക്ക് കണ്ടെത്തി എഴുതുക?

ർദ്ധിതമ്മിബുനി

ഉത്തരം: നിർമ്മിത ബുദ്ധി

16. താഴെ തന്നിരിക്കുന്ന വിശേഷണങ്ങളിൽ തെറ്റ് ഏതാണ്?

A. ഫലങ്ങളുടെ റാണി കൈതച്ചക്ക
B. ഫലങ്ങളുടെ രാജാവ് മാമ്പഴം
C. സുഗന്ധവ്യഞ്ജനങ്ങളുടെ റാണി ഏലം
D. സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ് കുരുമുളക്

ഉത്തരം : A . ഫലങ്ങളുടെ റാണി മാങ്കോസ്റ്റിൻ ആണ്
( കൈതച്ചക്ക സ്വർഗീയ ഫലം എന്നാണ് അറിയപ്പെടുന്നത് )

17. ആദ്യം കാണുന്ന പതാക നമ്മുടെ അയൽ രാജ്യമായ ശ്രീലങ്കയുടേതാണ്. രണ്ടാമത് കാണുന്ന പതാക നമ്മുടെ മറ്റൊരു അയൽ രാജ്യത്തിന്റേതാണ്. രാജ്യം ഏത്?
(സൂചന : ഈ രാജ്യത്ത് അടുത്തിടെയുണ്ടായ യുവജനപ്രക്ഷോഭത്തിന്റെ ഫലമായി സർക്കാർ മാറേണ്ട സ്ഥിതിയുണ്ടായി)

ഉത്തരം: നേപ്പാൾ

techsandquiz.in

18.ചുവടെ നൽകിയിരിക്കുന്ന  പക്ഷികളുടെ കൂട്ടത്തിൽ പറക്കാത്ത പക്ഷികൾ മാത്രമുള്ള ഗ്രൂപ്പ് ഏതാണ്?

(a) പെൻഗ്വിൻ, ആൽബട്രോസ് , ഫ്ലെമിംഗോ, ബുൾബുൾ
(b) ഉപ്പൻ, വെള്ളിമൂങ്ങ,കിവി, എരണ്ട
(c)എമു, പെൻഗ്വിൻ, കിവി,ഒട്ടകപ്പക്ഷി
(d)കിവി, ഉപ്പൂപ്പൻ , കാസോവരി, ചിന്നകുട്ടുറുവൻ

ഉത്തരം: (C) എമു, പെൻഗ്വിൻ, കിവി,ഒട്ടകപ്പക്ഷി

19. ഈ ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?
99,98,96,93,89,84—

ഉത്തരം: 78( 1,2,3,4,5,6... ക്രമത്തിൽ മുൻ സംഖ്യകളിൽ നിന്നും കുറയ്ക്കുന്നു)

20. ശുഭാംശു ശുക്ല  ഏത് ദൗത്യത്തിന്റെ ഭാഗമായാണ് ബഹിരാകാശ യാത്ര നടത്തിയത്?

ഉത്തരം: ആക്സിയം4

**ടൈബ്രേക്കർ ചോദ്യങ്ങൾ**

1. കേരളത്തിൽ ആന്റിബയോട്ടിക്കുകൾ നൽകുന്ന കവറുകൾക്ക് ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന നിറം?

ഉത്തരം: നീല

2. ലോക പുസ്തകദിനം എന്നാണ്?

ഉത്തരം: ഏപ്രിൽ 23

3. മലയാളിയായ മിന്നുമണി ഏത് കളിയിലൂടെയാണ് പ്രശസ്തയായത്?

ഉത്തരം: ക്രിക്കറ്റ്

4. വിഎസ് അച്യുതാനന്ദൻ 2006 ൽ കേരള മുഖ്യമന്ത്രിയായപ്പോൾ ഏത്  നിയമസഭാ മണ്ഡലത്തിൽ നിന്നാണ് നിയമസഭയിൽ എത്തിയത്?

ഉത്തരം: മലമ്പുഴ

5. പസഫിക് സമുദ്രത്തിന് ആ പേര് നൽകിയ സഞ്ചാരി?

ഉത്തരം: ഫെർഡിനാൻഡ് മഗല്ലൻ